# പൊങ്ങച്ചം സാറാമ്മ.

ജോൺ ഇളമത

ജോൺ

മഹാബലി ഇത്തവണ അമേരിക്ക വഴിയാണ് ഓണമഹോത്സവത്തിന് മലയാള നാട്ടിലേക്ക് യാത്ര ചെയ്തത്.കാരണം അവിടെ മഴേം,വെള്ളപ്പൊക്കോം ഉരുളുപൊട്ടലുമൊക്കയാ.അതൊക്കെ കഴിഞ്ഞിട്ട് നെടുംമ്പാശ്ശേരി റൺവേ ഒന്നുക്ലീനാകട്ടെ എന്നുംകൂടി കരുതി.എയർഫോഴ്സ് വൺ എന്ന് പറയും പോലെ സ്വന്തം, പാതാളം വൺ പുഷപക വിമാന ജെറ്റിൽ,ഒറ്റക്കാ അദ്ദേഹമെത്തിയത്.വിമാനം പറത്തുന്നതും അദ്ദേഹം തന്നെ.സെക്യൂരിറ്റി ഒന്നുമില്ലാതെ.അല്ലങ്കിതന്നെ മാവേലിയെ ആരെന്തു ഉപദ്രവിക്കാനാ.ആർക്കും ദോഷം ചെയ്യാതെ നന്മമാത്രം ചെയ്ത് പാതാളത്തിലേക്ക് ചവിട്ടി നീക്കപ്പെട്ട അസുരരാജാവ്!

പാതാളംവൺ ന്യൂയോർക്കിനു മുകളിലൂടെ പറന്നപ്പോൾ താഴെ മലയാളികളുടെ ഒച്ച.ഒരു വലിയ കാർപാർക്ക്.കാർപാർക്കിൽ ഒഴിഞ്ഞൊരു കോണിൽ ശബ്ദ്മില്ലാത്ത പാതാളം വൺ ലാൻഡ് ചെയ്ത് മാവേലി ഒന്നിറങ്ങിനടന്നു.ദാ,അവിടെ ഒരു കാറിനു ചുറ്റും കുടവയറന്മാരായ കുറേ മദ്ധ്യപ്രായക്കാർ നിന്ന് വെള്ളമടിക്കുന്നു,പുകവലിക്കുന്നു.പൊട്ടിച്ചിരിക്കുന്നു.എല്ലാവർക്കും സ്വർണ്ണക്കരയുള്ള സിൽക്കുമുണ്ടും,മുട്ടിനു താഴെ എത്തുന്ന സിൽക്കു ജുബായും വേഷം.

ഒരുവൻ അല്പ്പമുറക്കെ:-

അളിയാ,............ മലയാളി സമാജത്തിൻെറ ഓണം എല്ലാക്കൊല്ലോം ഗംഭീരമാ! നൂറുകൂട്ടം കറികൾ കൂട്ടി സദ്യ,അത്തപ്പുവിടീൽ മത്സരം,പിന്നെ നൂറു മദ്ധ്യവയസ്ക്കകളുടെ മെഗാതിരുവാതിര,കോലടി,കുമ്മിയടി,തുമ്പിതുള്ളൽ,വടംവലി, എന്നവേണ്ട,നൊസ്റ്റാൾജിയാ ഒണർത്തുന്ന ഓണം,പറയാതെ വയ്യാ!അളിയാ ഈ ഗ്ലാസിലേക്ക് ഒരു ഡബിൾ പെഗ്ഗ് കൂടി ഒഴിച്ചേ,ങാ ,ഇതെന്തോന്ന് ചീപ്പ് ബ്രാൻഡിയാ,വെള്ളം തൊടാതടിച്ചിട്ടു പോലും അങ്ങോട്ട് പൂസ്സാകുന്നില്ല.

മാവേലി അങ്ങോട്ടേക്കു ചെന്നു.

മറ്റൊരുവൻ:-

മഹാബലി ആയിട്ട് വേഷം കെട്ടിയ അങ്കിളേതാ!നന്നായിട്ട് ചേരുന്നൊണ്ട്, കൊടവറും,കൊമ്പമീശേം നല്ല കോമ്പിനേഷൻ!,പക്ഷേ ഇപ്പോ ആരാ ഈ മെതിയടീമിട്ട്,പൂണൂലും കെട്ടി , ഓലക്കൊടേം പിടിച്ച് മാവേലിവേഷം കെട്ടുന്നെ,ഇതോൾഡ് വേർഷനാ.ഇപ്പോ സ്റ്റയിലില്ലേ മാവേലീടെ വരവ്,സ്വർണ്ണക്കരയുള്ള മുണ്ട് താറുപാച്ചി,സ്വർണ്ണ അരപ്പട്ട കെട്ടി,സ്വർണ്ണക്കീരീടോം വച്ച് ,കൊടവയറിൻെറ മീതെ അഞ്ചാറ് സ്വർണ്ണമാലേമിട്ട്,കാതിൽ സ്വർണ്ണക്കടുക്കനിട്ട്,നെറ്റിയിൽ ചന്ദനക്കുറി തൊട്ട്,കയ്യിൽ സ്വർണ്ണവളയിട്ട് അടിച്ചുപൊളിച്ച്, താലപ്പൊലി പിടിച്ച കടിച്ചാപൊട്ടാത്ത സുന്ദരികളുടെ അകമ്പടിയോടെ,അതാ അതിൻെറ സ്റ്റയില്!,ഛെ,ഛെ,ഈ വേഷം കൊള്ളൂല്ല,ഇത് വെറും ഉഡായിപ്പ്!

മാവലി നെറ്റിചുളിച്ച്:-

(ആത്മഗതം)വിവരമില്ലാത്തോര്!ഇവനൊക്കെ ഓണത്തെപ്പറ്റി എന്തറിയാം.പണ്ടൊരിക്കെ ലണ്ടനിൽ കൂടെപോയപ്പം ഒരുതിരുമണ്ടൻ ഓണാഘോഷത്തിന് മെസ്സേജ് തട്ടിവിട്ടതാ,'വൺസപ്പോണെ ടൈം കേരളാ റൂൾഡ് ആൻ ഓൾഡ് അസുരചക്രവർത്തി കോൾഡ് മഹാബലി'!കഷ്ടം ഇവനൊക്കെ എന്തോന്നറിയാം.

അവന്മാര് കേൾക്കെ മഹാബലി പറഞ്ഞു:-

വേഷം കെട്ടിയതൊന്നുമല്ല,ഞാൻ ഒറിജിനലാ,അങ്ങു പാതളത്തീന്നു വരിക.

വേറൊരുത്തൻ ചോദിച്ചു:-കാർന്നോര് രണ്ടെണ്ണം അടിക്കുന്നോ,നല്ല ഹെന്നസി ബ്രാൻഡിയാ, അടിച്ചാ, പാതാളത്തീന്ന് സ്വർഗ്ഗത്തിപാം!,ഞങ്ങളും പാതാളത്തിലാരുന്നു,പ്രഷറേ,മനപ്രയാസങ്ങൾ! ഇപ്പോ സ്വർഗ്ഗത്തിലാ,തൂവലി പറക്കുന്ന അനുഭുതിയാ!

അറുവഷളന്മാർ,മഹാബലി അവരെ ഉപേക്ഷിച്ച് ഫങ്ഷൻ നടക്കുന്ന ഹാളിലേക്ക് ചെന്നു.ഒന്ന് നല്ല ചൊമന്നു വെളുത്തതും,മറ്റേത് കറുത്തു തടിച്ചതുമായ, മദ്ധ്യപ്രയം കടന്ന് ചായത്തിൽ മുങ്ങി സൗന്ദര്യ വർദ്ധനവ് നടത്തിയ നാരിരത്നങ്ങളാണ് ടിക്കറ്റ് കൊടുക്കുന്ന എൻടറൻസ് ഡസ്ക്കിൽ.അവർ ഓണക്കോടി ഉടുത്തിരിക്കുന്നു.ചന്ദനക്കുറി ചാർത്തിയിരിക്കുന്നു.

കറുത്ത തടിച്ചി സൗന്ദര്യധാമം പറഞ്ഞു:-

മഹാബലിക്കു ഫ്രീയാ! അകത്തോട്ട് കേറിക്കോ.വാതുക്കാ നിന്നാ.താലപ്പൊലിപിടിക്കന്ന പെണ്ണുങ്ങള് ഒരുങ്ങുന്നേ ഒള്ളൂ.പിന്നെ ആ ചെണ്ടക്കാര് അവമ്മാരാ അങ്ങു ദൂരെ കാറിനു ചുറ്റും നിന്നു മിനുങ്ങന്നത്.ചെണ്ട താളം മുറകണേ അല്പ്പം അടിക്കണം അതാ അവമ്മാരടെ പ്രമാണം.

കറമ്പി അടിമുടി നോക്കി മഹാബലിയേട് ഒറ്റചോദ്യം:-

ആരടെ ഭർത്താവാ?

എന്നുപറഞ്ഞാ!

ഞങ്ങളറീന്ന ആരടേലും ഭർത്താവാന്നോന്ന്,പണ്ടിവിടെ സ്ഥിരം മവേലി ആയികൊണ്ടിരുന്നതു പോത്തനാ,ഭാര്യ മറിയക്കുട്ടി അയളെ ഡിവോഴ്സ് ചെയ്തു,അതിപിന്നെ കാണാനേയില്ല.പലരും പറേന്ന് കാലിഫോർണ്യേലൊണ്ടന്ന്,ആരോ കണ്ടു ഒരുമെക്സിക്കൻ പെണ്ണിൻെറ കൂടെ.എന്തായാലും താങ്കളു ഫിറ്റാ,മഹാബലി ആയിട്ട്,തടീം,വയറും,കൊമ്പംമീശേം,കലക്കീട്ടൊണ്ട്!

മഹാബലി തിരിച്ചു ചോദിച്ചു:-

ഭവതീടെ പേരന്നാ?

സാറാമ്മ!

,സാറാമ്മ പൊക്കികെട്ടിയ മാറൊന്നുലച്ചു ഇക്കിളികൂട്ടി കുലുങ്ങി മന്ദഹസിച്ച് പാറപ്പുറത്തുകൂടി അരുവി ഒഴുകുന്ന സരത്തിൽ അണമുറിയാതെ പറയാൻ തുടങ്ങി:-

കേട്ടോ മഹാബലി,ങാ,പേരെന്തേലുമാട്ടെ!ഞാൻ നാട്ടി.......ൽ അങ്ങു മേടേലയാ.കേട്ടിട്ടില്ലേ രാജാവിൻെറ മുതൽപിടിക്കാരൻ മേടേ മാത്തുക്കുട്ടീടെ മോൻെറ മോനാ,എന്നെ കെട്ടിയേക്ക ന്നെ.എൻെറ കെട്ടിയാൻെറ അപ്പൻെറ ആയകാലത്ത് ഞങ്ങക്ക് ആനേം,അമ്പാരീം ഒണ്ടാരുന്നു.നാട്ടി ആയിരപറ നെല്ലുവീഴുന്ന പുഞ്ചേം,മലബാറി നൂറേക്കറ് തേയിലതോട്ടോം ഒണ്ടാരുന്നു.പക്ഷേ,പറഞ്ഞിട്ടെന്തു കാര്യം.ഒടുവി അപ്പച്ചന്,എൻെറ കെട്ടിയോൻെറ അപ്പന് ആൾസൈമർ വന്ന് ഓർമ്മപോയി,എവിടാ തോട്ടോം,നിലങ്ങളുമെന്നറിയാത്ത നെലേല്!,ങാ,അങ്ങനെ എല്ലാം അന്യാധീനപ്പെട്ടതുകൊണ്ടാ,ഇവിടെ അമേരിക്കേ, വരേണ്ട ഗതികേടൊണ്ടായേ!കേട്ടോ,ഞങ്ങള് നമ്പൂരി മാർഗ്ഗം കൂടിയ മാർത്തോമ്മാ കൃസ ്ത്യാനികളാ.........!

മഹാബലി ഒറ്റഓട്ടം,പാർക്കിങ് ലോട്ടിൽ,പുഷ്പക വിമാനജറ്റിൻെറ അടുത്തേക്ക്,ഇനി ഇവിടെ നിന്നാൽ എത്ര സാറാമ്മമാരും,അവറാച്ചമ്മാരും,പൊങ്ങച്ചം പറഞ്ഞ് ചുട്ടകോഴിയെ പറപ്പിക്കും!